## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*89.** **05.02.2020 ൽ മറുപടിയ്ക്ക്**

### വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികളും യുവാക്കളും ലഹരി മാഫിയയുടെ പിടിയിൽ അമരുന്നുവെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | സ്കൂൾ കുട്ടികളും യുവാക്കളും ലഹരി മാഫിയയുടെ പിടിയിൽ അമരുന്നുവെന്ന പ്രസ്താവം വസ്തുതാപരമല്ല. അതേ അവസരത്തിൽ യുവാക്കളെയും, വിദ്യാർത്ഥികളെയും ഇത്തരം പ്രവണതകളിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്തെ പല സ്കൂളുകൾക്ക് സമീപവും ലഹരി കച്ചവടം നടക്കുന്നുവെന്നും മറ്റ് വ്യാപാരങ്ങളുടെ മറവിൽ കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വില്പന വർദ്ധിച്ചുവരുന്നുവെന്നതും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിച്ച് പരിശോധന നടത്തിവരികയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ലഹരി വസ്തുക്കളുടെ പിടിയിൽ നിന്നും വിദ്യാർത്ഥികളെയും യുവാക്കളെയും രക്ഷിക്കുന്നതിന് എക്സൈസ് വകുപ്പ് നടപ്പാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (സി) | വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായി വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (ഡി) | യുവാക്കളും കുട്ടികളും ലഹരി ഉപയോഗിക്കുന്നത് തിരിച്ചറിയുകയെന്ന ലക്ഷ്യത്തോടെ ഇതിനായുള്ള കിറ്റ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | തയ്യാറാക്കിയിട്ടില്ല. ആദ്യഘട്ടം എന്ന നിലയിൽ 150 അബോൺ കിറ്റ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ലഹരി മാഫിയക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലെ ചില വകുപ്പുകൾ പ്രതിബന്ധമായിട്ടുണ്ടോ; എങ്കിൽ അത് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | എൻ.ഡി.പി.എസ് ആക്റ്റ് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര |

| | | | |
|---|---|---|---|
| | | | നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം ഈ ആവശ്യത്തിലേക്ക് പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. മയക്കുമരുന്നുകൾ ചെറിയ അളവിൽ പോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിന് എൻ.ഡിപി.എസ് ആക്ടിൽ വ്യവസ്ഥ കൊണ്ടുവരുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫസർ**